50 Years Golden Jubilee
1968 -2018

# HYDEL BULLET

Issue - 5, Vol-6, May 2018
A Monthly Publication of the Kerala State Electricity Board Engineers'Association

## 65 th Annual General Body Meeting




Hon. Minister of State (Independent Charge) for Tourism, Electronics and IT, Govt. of India
Sri. Alphons Kannanthanam conveying Special message to Engineers

*Editorial*

## Solar Power Conundrum

Solar power is presently a fashion statement, where everyone is joining the bandwagon irrespective of the clarity of the present policies that we have. Eventhough Central Government has a target of 175 GW of renewable power injection into the grid, our State Government has not spelt out any policy till date regarding this.

Cont...page 4

## Congratulations to the New Office Bearers 2018-2019
## KSEB Engineers' Association



**Er. N.T. Job**
President



**Er. Sunil K**
General Secretary



**Er. Santhosh E**
Treasurer



**Er. C.P. George**
Vice President (S)



**Er. P. Jayakrishnan**
Vice President (N)



**Er. M. Muhammed Rafi**
Secretary (HQ)



**Er. Nishanth B**
Organising Secretary (S)



**Er. Shine Sebastian**
Organising Secretary (N)



**Er. Anil Kumar G**
Secretary (S)



**Er. Sajith Kumar M**
Secretary (N)

**KSEB Engineers' Association**
**Office Bearers 2018 - 19**

**ASSOCIATION**

**President**
Er. N.T. Job

**Vice-Presidents**
Er. C.P. George (S)
Er. P. Jaya Krishnan (N)

**General Secretary**
Er. Sunil K

**Treasurer**
Er. Santhosh E

**Organising Secretaries**
Er. Nishanth B (S)
Er. Shine Sebastian (N)

**Secretaries**
Er. M. Muhammad Rafi (HQ)
Er. Anilkumar G (S)
Er. Sajithkumar M (N)

**BENEVOLENT FUND**

**Chairman**
Er. Sajeev K

**Vice Chairman**
Er. Raji J.S

**Secretary**
Er. Mujeeb K

**Treasurer**
Er. Pradeep S.V

**Joint Secretaries**
Er. Arunkumar V.K (South)
Er. Varsha Mohan (North)

**EDITORIAL BOARD**

**Chief Editor**
Er. P. Muraly

**Associate Editor**
Er. Anoop Vijayan

**Ex. Officio Members**
Er. G. Shaj Kumar
Er. M. Muhammad Rafi

# HYDEL BULLET

(A Monthly Publication of the KSEB Engineers' Association)
Vol - 6 Issue - 5 May 2018

## Contents

- Editorial
- പുരപ്പുറത്തുകയറി സൂര്യനെ പിടിക്കുന്നവർ
  *Er. എൻ.ടി. ജോബ്*
- വൈദ്യുതിയുടെ താരിഫ് പ്രശ്നങ്ങളും ക്രോസ് സബ്സിഡിയുടെ രാഷ്ട്രീയവും
  *Er. സി.പി. ജോർജ്*
- ഓർമ്മകളിൽ ഒരു സമ്പൂർണ്ണ എഞ്ചിനീയർ
  *Er. ജി.എച്ച്. കൃഷ്ണ അയ്യർ*
- മൂകവിലാപം (കവിത)
  *കുമാരി പ്രഭാപാൽരാജ്*
- Tips to Get Things Done
  *Er. Krishna kumar M*
- An Engineer's Diary
  *Er. Jacob Samuel (Rtd.)*
- കെ.എസ്.ഇ.ബി. എഞ്ചിനീയേഴ്സ് അസോസിയേഷൻ 65-ാമത് വാർഷിക പൊതുസമ്മേളനം
- Best Assistant Engineer Awards
- Electricity Act Amendments: Important proposals & Evaluation
  *Er. C.P. George*
- വൈദ്യുതിബോർഡിലെ ജോലി
  *Er. ഇ.എം. നസീർ*
- Anguish (Poem) *Er. Anil Kumar. G*
- Nipah Virus: Everything about the virus that's taking lives in Kerala! *Er. Anoop Vijayan*
- Detection and Treatment of Cancer by MEM Technology
  *Er. U.S.Ravindran*

KSEBL have embarked on solar journey on the shoulder of big project of 200 MW at Ambalathara,Kasargode which was subsequently scaled down due to issues in the land allotment from State Government. Along with these project, many small projects were taken up all over Kerala in own land and also in other identified areas. Many of them have started generation and is contributing to the grid. The problems associated with many of these installations regarding the quality and the technical problems they have brought into the grid are part of heated discussions in various groups. Still the renewable injection into Kerala Grid is not so significant to cause any serious problem as of now.

Recently a massive conclave was conducted at Thiruvananthapuram regarding solar power proliferation in Kerala State. Considering the participation from the length and breadth of the State this seems to be a serious affair to frame a policy regarding grid connected rooftop solar. KSEBL seems to be in thick of this business policy.Before going into the pros and cons of such an initiative, it is imperative that we should reflect upon the grid connected projects and policies we have already executed. Eventhough we had a joint venture and enough funding and grant, the Amabalathara Project has not actually taken off. Concentrated solar project has many advantages such as easiness of grid integration, control and possible deployment of large scale storage technologies etc over widespread bits and pieces projects. Even then the administration was not able to push through and convince policy makers about the continuation of the project. We should blame ourselves for the manner in which the land management was handled. Bansurasagar project was much hyped off but has not delivered the desired result it was planned for. Many projects in our substations lacks quality equipment and it has already become a maintenance nightmare in those stations.

On policy part, KSEBL has not been able to draft a connectivity requirement for solar stations in a comprehensive manner. Eventhough a general harmonic testing is being done for connectivity, the quality requirement of equipment has not yet been published. Hence the solar inverters and panels which are proliferating in the market primarily focuses on less capital investment and hence compromises on quality. This has not been effectively curtailed by regulation or specifications till now. Technical requirements of CEA for connectivity need to be substantiated with proper regulations and KSERC has to be pushed for the same by the utility

In this background, involving in rooftop business directly will be a suicidal step from KSEBL. Many type of business models are already available in the market and private players are fine tuning and changing these models as per market dynamics. Models such as outright easing the rooftop to the solar company, sharing the savings from the solar installations, outright purchase by consumers etc are the most popular models at present ruling the market. The flexibility offered by private

companies are so diverse now and hence consumers will be naturally attracted to them.

As per reports, policy is being formulated for creating a minimum of 500 MW rooftop solar in the State. KSEBL which is already reeling under financial constraints, before embarking upon such a large scale initiative and capable of subverting our own business, should think twice before promoting it. The countries which had embraced the renewables on a large scale are mostly rich countries and consumers there are tolerating the high power cost connected with the rooftop renewables in the name of green initiatives. Is there any financial advantage for such scattered projects. These projects are supposed to last around 25 years. Directly entering into this segment means shouldering the responsibility of O & M or administering the maintenance of such projects. This itself will be creating a huge nightmare for HR of KSEBL and can easily face the wrath of the consumer. Deploying such a large force itself may clearly dilute the feasibility of the project.

KSEBL shall understand the fact that despite so many incentives and support, no utilities have evinced interest in direct rooftop business. We are of the opinion that the consumers shall be left to make their own choice in this segment rather than enforcing a choice upon them by the utility. The argument that consumer can be retained with utility is a day-dream in the scenario of current market competition. What KSEBL can do is to make the environment standardised to check out the unscrupulous elements out of the loop. This can be done by framing right regulations, certifying vendors of equipment, certifying contractors and companies in the sector and providing sufficient awareness and training. Technical regulations shall be seriously enforced so that our grid is not compromised in future.

Creating microgrids and its connectivity is the most researched subject nowadays in power sector. Training our Engineers in imbibing these technologies has not yet been thought out. Microgrids with solar, wind and other renewables and connecting the microgrids to the State grid is getting complicated and the technology is in incubation world over. Creating rooftops connectivity in developed countries have accompanied a smart grid infrastructure to effectively control the power flowing in and out. Our utility is just entering into smart meter and smart grid and without these, effective large scale control of rooftop solar will be a nightmare. We urge management to educate all stakeholders regarding the various steps in the ladder if they are serious about the jump into large scale rooftop. Otherwise it will be better to pursue large scale concentrated projects which can be administered well. We hope wisdom prevails in taking right decision.

❋

## തീജ്വാല

# പുരപ്പുറത്തുകയറി സൂര്യനെ പിടിക്കുന്നവർ



*Er.* എൻ.ടി. ജോബ്

**അ**ഞ്ഞൂറു മെഗാവാട്ട് സൗരോർജ പദ്ധതികൾ സംസ്ഥാനത്തുടനീളം സ്ഥാപിക്കുമെന്ന് സർക്കാർ നയപരമായി പറഞ്ഞയുടനെ വൈദ്യുതി ബോർഡിലുള്ള ചിലരുടെയുള്ളിൽ ലഡ്ഡുകൾ പൊട്ടിതുടങ്ങിയിരുന്നു. നാടോടുമ്പോൾ നടുകഷ്ണം തന്നെ തിന്നണമെന്ന ചൊല്ലു മനസ്സിൽവെച്ച് കൊണ്ട് ചിലർ ആത്മാർത്ഥമായി ആഞ്ഞുപിടിച്ചു.

കേരളത്തിലെവിടെ സൂര്യനുദിച്ചാലും അതിന്റെ വെളിച്ചത്തിന്റെ പാറ്റന്റ് പോക്കറ്റിലാണെന്നരീതിയിൽ നടക്കുന്ന ഒരു സംസ്ഥാനതല കമ്മിറ്റിയുണ്ട്. അവരാണ് സൂര്യനെ കൊണ്ട് എന്തൊക്കെ ചെയ്യിക്കണമെന്ന് തീരുമാനിക്കുന്നത് .

അനർട്ട് എന്ന സംവിധാനവും വൈദ്യുതി ബോർഡിനകത്തുള്ള സംവിധാനങ്ങളുമെല്ലാം നോക്കുകുത്തികൾ മാത്രം. കാര്യങ്ങളെല്ലാം ഇതുമായി ബന്ധമില്ലാത്തവർ തീരുമാനിക്കും ഈ രണ്ടു സംവിധാനങ്ങൾ ഉപയോഗിച്ചു നടപ്പാക്കും. എന്തെങ്കിലും അപാകതകളോ അപകടങ്ങളോ ഉണ്ടായാൽ നടപ്പിലാക്കിയവർ ആപ്പിലാകും. തീരുമാനമെടുത്തവരും കൊണ്ടു നടന്നുവരും പൊടിയുംതട്ടി കടന്നുകളയും.

ഇതുവരെ വൈദ്യുതി ബോർഡ് സ്ഥാപിച്ച സൗരോർജ്ജ പദ്ധതികളെല്ലാംതന്നെ ഒരു മെഗാവാട്ടിന് എട്ടുകോടി രൂപയ്ക്കടുത്ത് ചെലവായിട്ടുണ്ട്. അത്തരം പദ്ധതികളിൽ നിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതിയ്ക്ക് യൂണിറ്റൊന്നിന് എട്ടുരൂപയും ഒമ്പതു രൂപയും ചിലതിൽ പത്തു രൂപയ്ക്ക് മുകളിലും ആകുന്നുണ്ട്.

അത്തരം സാഹചര്യം നിലവിലുള്ളപ്പോഴാണ് സർക്കാർ നയത്തിന് അനുകൂലമായി എന്നുതോന്നുന്ന തരത്തിൽ വീടുകളുടെ മേൽക്കൂരകളിൽ ബോർഡിന്റെ ചെലവിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള സംവിധാനത്തെക്കുറിച്ച് ആലോചിക്കുന്നത്. വീടുകളുടെ മേൽക്കൂരകളിൽ സ്ഥാപിക്കുന്നതിനു നൽകേണ്ടിവരുന്ന വാടകയും മെയിന്റനൻസ് ചെലവ്വേറെയും. അത്തരത്തിൽ അഞ്ഞൂറു മെഗാവാട്ട് സൗരോർജ്ജ പദ്ധതികളെക്കുറിച്ച് ആലോചിക്കുമ്പോൾ ആകെ മൊത്തം അയ്യായിരം കോടിക്കുതാഴെ ചെലവ് ബോർഡ് വഹിക്കേണ്ട അവസ്ഥയാണ് സംജാതമാകുക. മറ്റുള്ള സംസ്ഥാനങ്ങളെല്ലാം തന്നെ സൗരോർജ പാനലുകൾ വെയ്ക്കുന്ന

സൗരോർജ്ജ പദ്ധതികൾ ഇന്ത്യയിലെമ്പാടും സ്ഥാപിക്കുന്നുണ്ട്, ആദ്യമായി അല്ല ഒരു വൈദ്യുതി യൂട്ടിലിറ്റി ഈ രംഗത്ത് കാലുവെക്കുന്നത്. മറ്റുള്ളവർ ചെയ്തപ്പോഴുണ്ടായ സ്ഥിതികൾ അവലോകനം ചെയ്തുകൊണ്ടാവണം നമ്മുടേതായ രീതികൾ അവലംബിക്കുന്നത്. കേരളം ഒറ്റപ്പെട്ട ഒരു തുരുത്തൊന്നുമല്ല, മറ്റുള്ള സംസ്ഥാനങ്ങളിലൊക്കെ പിന്തുടരുന്ന മാതൃകകൾ സംസ്ഥാന നയത്തിന് ചേരുന്നതരത്തിൽ പിന്തുടരുന്നതിൽ തെറ്റൊന്നുമില്ല. അല്ലാതെ നാലാളുടെ തലയിലുദിക്കുന്ന ഉട്ടോപ്യൻ ആശയങ്ങളിൽ ഉരുത്തിരിയുന്ന തുഗ്ലക് പരിഷ്കാരങ്ങൾ നടപ്പിലാക്കാനുള്ള വേദിയായി വൈദ്യുതി ബോർഡിനെ കാണേണ്ട.

സൗരോർജ പദ്ധതികൾ കമ്മീഷൻ നിഷ്കർഷിക്കുന്ന രീതി ഉണ്ടാക്കിയെടുക്കേണ്ട ബാധ്യത ലൈസൻസി എന്ന നിലയിൽ ബോർഡിനുണ്ട്. റെഗുലേറ്ററി കമ്മീഷൻ നിഷ്കർഷിക്കുന്ന ശതമാനം സൗരോർജ വൈദ്യുതി ഉല്പാദനം നിറവേറ്റുകയും വേണം, അതിനുള്ള മാർഗങ്ങൾ സുതാര്യമാവണം.

പുരപ്പുറത്തുകയറി സൂര്യനെ പിടിക്കാമെന്നു കരുതി വീടുകളിൽ സ്ഥാപിക്കുവാനുദ്ദേശിക്കുന്ന പാനലുകൾ മെയിന്റനൻസിനു വേണ്ടി പ്രാദേശിക അടിസ്ഥാനത്തിൽ ഏജൻസികളെ വയ്ക്കേണ്ടിവരും അങ്ങിനെയുള്ള ഏജൻസികളെയൊക്കെ മനസ്സിൽ കണ്ടു കൊണ്ടാണോ ഇത്തരത്തിലുള്ള പദ്ധതികൾ ഉണ്ടാക്കുന്നതെന്നുപോലും ചിന്തിക്കേണ്ടി വരും.

നമ്മൾ ഇതുവരെ ഉണ്ടാക്കിയെടുത്ത സൗരോർജ പദ്ധതികൾ അവലോകനം ചെയ്തുകൊണ്ടു മാത്രമേ പുതിയ പദ്ധതികൾ ഏറ്റെടുക്കാവൂ എന്നുമാത്രം പറഞ്ഞുകൊണ്ട് നിറുത്തട്ടെ.

വരിൽനിന്ന് യൂണിറ്റ് നിരക്കിലാണ് വൈദ്യുതി വാങ്ങുന്നത്. ആരും തന്നെ വൈദ്യുതി ബോർഡുകളുടെ ചെലവിൽ പാനലുകൾ സ്ഥാപിക്കുന്നില്ല. റെഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന നിരക്കിൽ സൗരോർജം വൈദ്യുതി ഉടമകളിൽ നിന്നും വാങ്ങുകയാണ് ചെയ്യുന്നത്. അങ്ങിനെയാണ് കമ്മീഷൻ നിഷ്കർഷിക്കുന്ന അളവിൽ സൗരോർജ വൈദ്യുതിയുടെ ടാർജറ്റ് എത്തിക്കുന്നത്.

എന്നാൽ കേരളത്തിൽ വൈദ്യുതി ബോർഡ് ചെലവിൽ പ്ലാന്റുകൾ തുടങ്ങുവാനാണ് ഏവർക്കും താല്പര്യം. അതിനു വല്ല പിന്നാമ്പുറകഥകളുണ്ടോന്ന് അറിയില്ല. എന്തിനേറെ പറയുന്നു. വൈദ്യുതി ബോർഡിന്റെ കീഴിൽ സൗരോർജ്ജ കാര്യങ്ങൾ നോക്കുവാൻ ഒരു ഡിപ്പാർട്ട്മെന്റ് ഉണ്ടെങ്കിലും കാര്യങ്ങൾ തീരുമാനിക്കുന്നത് ഇതുമായി ബന്ധമില്ലാത്ത ചില മഹാന്മാരാണ്. അവർ ലോക തമ്പുരാന്മാരായി നാടുവാഴണമെന്ന് ആഗ്രഹമുള്ളതുകൊണ്ടായിരിക്കാം. എങ്കിലും ഒരു ഡിപ്പാർട്ട്മെന്റുണ്ടാവുമ്പോൾ അവരെ നോക്കുകുത്തികളാക്കി മറ്റുള്ളവർ കൈകാര്യം ചെയ്യുന്നത് അത്രയ്ക്ക് ഭംഗിയുള്ള കാര്യമല്ല.

വൈദ്യുതബോർഡ് ഇതുവരെ സ്ഥാപിച്ച സൗരോർജ പദ്ധതികളുടെ ചെലവുകൾ മനസ്സിലാക്കിവേണം പുതിയ സംരംഭങ്ങൾ ഏറ്റെടുക്കുവാൻ. ബോർഡിനു നഷ്ടം വരാത്ത തരത്തിലുള്ള ബിസിനസ് മോഡലുകൾ ഉണ്ടെങ്കിൽ അതാണ് നടപ്പിലാക്കേണ്ടത്, അല്ലാതെ ബോർഡിന് അധികഭാരം വരുന്ന തരത്തിലുള്ള നിലപാടുകളല്ല. അല്ലെങ്കിൽ സർക്കാർ നയം നടപ്പിലാക്കുന്നതിന് സർക്കാർ സംവിധാനമായ അനെർട്ടിനെ ഏല്പിക്കാമല്ലോ, അങ്ങിനെയാവുമ്പോൾ ചെലവിൽ നിന്നും ബോർഡിനു രക്ഷപ്പെടാം. അനെർട്ട് സ്ഥാപിക്കുന്ന പദ്ധതികളിൽ നിന്നും യൂണിറ്റ് നിരക്കിൽ വൈദ്യുതി വാങ്ങിയാൽ മതിയല്ലോ.

✵

# വൈദ്യുതിയുടെ താരിഫ് പ്രശ്നങ്ങളും ക്രോസ് സബ്സിഡിയുടെ രാഷ്ട്രീയവും



Er. C. P. George
*Deputy Chief Engineer*

ഒരുകൂട്ടം ഉപഭോക്താക്കൾക്ക് ഉൽപന്നം വില കുറച്ചു വിൽക്കുന്നതിനുവേണ്ടി മറ്റൊരുകൂട്ടം ഉപഭോക്താക്കളിൽ നിന്നും അധികവില ഈടാക്കുന്ന രീതിയാണ് "ക്രോസ് സബ്സിഡി" എന്ന് അറിയപ്പെടുന്നത്.

അവശജനവിഭാഗങ്ങളിൽപെട്ടവരെയും, സമൂഹത്തിലെ താഴെക്കിടയിലുള്ളവരെയും സഹായിക്കാൻ എളുപ്പമുള്ള ഒരു നല്ല രീതിയാണിതെന്ന് ഒറ്റ നോട്ടത്തിൽ തോന്നുമെങ്കിലും ക്രോസ് സബ്സിഡിയുടെ അനിയന്ത്രിതമായ ഉപയോഗക്രമവും ദുരുപയോഗങ്ങളും ഇന്ന് നമ്മുടെ രാജ്യത്തിന്റെ സമ്പത്ത് വ്യവസ്ഥയുടെ കാര്യക്ഷമതയെ പ്രതികൂലമായി ബാധിച്ചിരിക്കുന്നതായി പൊതുവെ അംഗീകരിക്കപ്പെട്ടിരിക്കുന്നു.

ഉത്പന്നത്തിന്റെ ശരിയായ വില അറിയാതെയുള്ള കൈമാറ്റം ദുരുപയോഗത്തിനും അനിയന്ത്രിത ഉപഭോഗത്തിനും കാരണമാകുന്നതായി വിലയിരുത്തപ്പെട്ടിരിക്കുന്നു. ഉദാഹരണമായി കൃഷിക്ക് കൊടുക്കുന്ന സൗജന്യ / വിലകുറഞ്ഞ വൈദ്യുതി, അനിയന്ത്രിതമായ ജലസേചനത്തിനും അതുവഴി ഭുഗർഭ ജലസ്രോതസ്സിന്റെ ശോഷീകരണത്തിനും കാരണമാകുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ സൗജന്യ/ വില കുറഞ്ഞ വൈദ്യുതി, കാര്യക്ഷമത കുറഞ്ഞ വൈദ്യുതോപകരണങ്ങളുടെ ഉപയോഗത്തെ പ്രോത്സാഹിപ്പിക്കുന്നതിനു കാരണമാകുന്നതായും നിരീക്ഷിക്കപ്പെട്ടിരിക്കുന്നു. ക്രോസ് സബ്സിഡി വഴിയുള്ള പ്രയോജനം അർഹതയുള്ളവർക്ക് ലഭിക്കുന്നതിലധികം അനർഹർ തട്ടിയെടുക്കുന്നു എന്നുള്ള പരാതികളും പഠന റിപ്പോർട്ടുകളും ക്രോസ് സബ്സിഡി ഇന്നത്തെ രീതിയിൽ നിലനിറുത്തിക്കൊണ്ടുപോകുന്നതിലെ ബുദ്ധിയില്ലായ്മയെ ചൂണ്ടിക്കാണിക്കുന്നു. ആയതിനാൽ എല്ലാമേഖലയിലും ക്രോസ് സബ്സിഡി കുറച്ചുകൊണ്ടുവരുക എന്നത് ഇന്ന് രാജ്യത്തിന്റെ പൊതുനയമായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു.

അമിതമായും അനിയന്ത്രിതമായുമുള്ള ക്രോസ് സബ്സിഡി പ്രയോഗത്തിന്റെ തിക്തഫലങ്ങൾ രാജ്യത്തെ വൈദ്യുതി മേഖലയിൽ ഇന്ന് വളരെ തെളിവായി തന്നെ കാണാവുന്നതാണ്. വൈദ്യുതി നിയമം 2003 - ലും 2005 വൈദ്യുതി നയത്തിലും, താരിഫ് നയം 2016-ലും വൈദ്യുതിയുടെ താരിഫ് നിരക്ക് വൈദ്യുതിയുടെ ശരിയായ വിലയെ പ്രതിഫലിപ്പിക്കുന്നത് ആയിരിക്കണം എന്ന് വ്യക്തമായി പ്രഖ്യാപിച്ചിട്ടുണ്ട്. ഈ ലക്ഷ്യം നടപ്പാക്കുന്നതിനായി ക്രോസ് സബ്സിഡി നിരന്തരമായും, ഘട്ടംഘട്ടമായും, താരീഫ് നയത്തിൽ പറഞ്ഞതു പ്രകാരം കുറച്ചുകൊണ്ട് വരണം എന്ന് റെഗുലേറ്ററി കമ്മീഷനോട് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

താരിഫ് നയപ്രകാരം, താരിഫ് നിരക്കിലെ ഏറ്റവുംകൂടിയ വ്യതിയാനം വിവിധ വോൾട്ടതയിലെ വൈദ്യുതിയുടെ യഥാർത്ഥ വിലയുടെ (+/-)20% ന് ഉള്ളിൽ നിലനിറുത്തേണ്ടതാണ്. അതിനായി സംസ്ഥാന റെഗുലേ

റ്ററി കമ്മീഷൻ കൃത്യമായ ഒരു രൂപരേഖ ഉണ്ടാക്കുകയും അതു വ്യക്തമായ മാർഗരേഖ യോടെ നടപ്പിൽവരുത്തുകയും ചെയ്യേണ്ട താണ്. ഈ നിർദേശം കൃത്യമായി നടപ്പിലാ ക്കുന്നത് ഊർജ മേഖലയിലെ ക്രോസ് സബ്സിഡിയുടെ തിക്തഫലങ്ങളെ നിയന്ത്ര ണവിധേയമാകുന്നതിനു വളരെയധികം സഹായിക്കുന്നതാണ്.

വൈദ്യുതി നിയമത്തിലെ 65-ാം സെക്ഷൻ പ്രകാരം റെഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന താരിഫ് നിരക്കിനുപരിയായി സംസ്ഥാന സർക്കാരുകൾക്ക് അവരുദ്ദേശി ക്കുന്ന പരിധിവരെ ഉപഭോക്താക്കൾക്ക് വൈദ്യുതി നിരക്കിനു ഇളവു കൊടുക്കാവു ന്നതാണ്. എന്നാൽ അതിനുവേണ്ടുന്ന തുക സംസ്ഥാന സർക്കാരിന്റെ വാർഷിക ബഡ്ജറ്റിൽ ഉൾപ്പെടുത്തി വിതരണ സ്ഥാപന ത്തിന്റെ അക്കൗണ്ടിലേക്ക് മുൻകൂറായി നൽകേണ്ടതുണ്ട്. അങ്ങനെ നൽകിയാൽ മാത്രമേ താരിഫ് ഇളവു സംബന്ധിച്ച് സംസ്ഥാന സർക്കാരുകൾ കൊടുക്കുന്ന നിർദ്ദേശങ്ങൾക്ക് നിയമ സാധുത ഉണ്ടായിരി ക്കുകയുള്ളൂ. സബ്സിഡി വിതരണം സുതാര്യ വും ഫലപ്രദവും ആകുന്നതിനും ലൈസൻസി യുടെ സാമ്പത്തിക ആരോഗ്യപരിപാലന ത്തിനും ഇതാവശ്യമാണ് എന്ന് വൈദ്യുതി നയം നിർദ്ദേശിക്കുന്നു.

ഉത്തരവാദിത്വത്തോടെയുള്ള സാമൂഹ്യ നീതിയാണ് താരിഫ് നയം വിവക്ഷിക്കുന്നത്. ഇതനുസരിച്ച് ക്രോസ് സബ്സിഡിക്കു പകരം, സംസ്ഥാന സർക്കാരുകൾക്ക് ശേഷിയുള്ള ഉപഭോക്താക്കളിൽ നിന്നും വൈദ്യുതി ഡ്യൂട്ടിയിലൂടെ ആവശ്യാനുസരണം വിഭവ സമാഹരണം നടത്താവുന്നതും അർഹതപ്പെട്ട ഉപഭോക്താക്കൾക്ക് നേരിട്ട് സബ്സിഡി ആനു കൂല്യം ലഭ്യമാക്കാവുന്നതുമാണ്. വൈദ്യുതി യുടെ ഡ്യൂട്ടി നിശ്ചയിക്കാനുള്ള പൂർണമായ അധികാരം സംസ്ഥാന സർക്കാരുകൾക്ക് ഫലപ്രദമായി ഉപയോഗിക്കാവുന്നതാണ്. ഇങ്ങനെ ചെയ്യുന്നതാണ് കൂടുതൽ സുതാര്യ വും ഫലപ്രദവും അഭികാമ്യവും എന്ന് താരിഫ് നയം നിർദ്ദേശിക്കുന്നു. കാര്യങ്ങളൊക്കെ ഇങ്ങനെയാണെന്നിരിക്കെ,ക്രോസ് സബ്സി ഡി കുറയ്ക്കുക എന്ന ലക്ഷ്യത്തിന് ഇല്ലാത്ത അർത്ഥം കണ്ടെത്തി ചില സംഘടനകൾ ജനങ്ങളെയും ജീവനക്കാരെയും വഴിതെറ്റി ക്കുന്നത് ശരിയാണോ ?

KSEBL പോലെയുള്ള സ്ഥാപനങ്ങളുടെ സാമ്പത്തിക ആരോഗ്യം സംരക്ഷിക്കുന്ന തിനായി വൈദ്യുത നിയമത്തിലും, വൈദ്യുത നയത്തിലും, താരിഫ് നയത്തിലും പറഞ്ഞിരി ക്കുന്ന കാര്യങ്ങളെ രാഷ്ട്രീയ ലാക്കോടെ എതിർക്കുന്നത് എത്രമാത്രം ശരിയാണെന്ന് സ്വയം ചിന്തിക്കുന്നത് നന്നായിരിക്കും.

സംസ്ഥാന സർക്കാരുകൾക്കോ കേന്ദ്ര സർക്കാരിനോ ഉപഭോക്താക്കൾക്ക് ആവശ്യം പോലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി സൗജന്യം കൊടുക്കുന്നതിന് എന്ത് തടസ്സമാണ് വൈദ്യുതി നിയമത്തിലുള്ളത് ?

ക്രോസ് സബ്സിഡി ഇല്ലാതാക്കുന്നതു വഴി വൈദ്യുതിയുടെ ശരിയായ വിലയെ സംബന്ധിച്ച കൃത്യമായ ധാരണ എല്ലാവർക്കു മുണ്ടാകുന്നത് നന്നല്ലേ ? അതുവഴി ഉത്പാദനം മുതൽ വിതരണം വരെയുള്ള ചെലവുകൾ സുതാര്യമാകുകയല്ലേ ചെയ്യുന്നത് ?!

അർഹതയുള്ളവർക്ക് ആവശ്യംപോലെ നേരിട്ട് ആനുകൂല്യം കൊടുക്കാൻ വൈദ്യുതി നിയമം സർക്കാരുകൾക്ക് യാതൊരു പ്രതിബന്ധവും സൃഷ്ടിച്ചിട്ടില്ല! കൂടാതെ സംസ്ഥാന സർക്കാരുകൾക്ക് പൂർണ സ്വാത ന്ത്ര്യവും അധികാരവും ഉള്ള വിവിധ പ്രകാര മായുള്ള വൈദ്യുതി ഡ്യൂട്ടി നിരക്കുകൾ ഉപഭോക്താവിന്റെ സാമ്പത്തിക നിലയോ

# അഭിനന്ദങ്ങൾ

നൂതനമായ ആശയങ്ങളിലൂടെ സമൂഹത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കത്തക്കവിധത്തിൽ പുതിയതലമുറ എഞ്ചിനിയേഴ്സിനെയും മികവാർന്ന പ്രവൃത്തി പരിചയമുള്ള എഞ്ചിനീയർമാരെയും കോർത്തിണക്കി വികസിത കേരളം സൃഷ്ടിക്കുവാൻ ഗോപാലകൃഷ്ണൻ സാറിന് സാധിക്കട്ടെ എന്നാശംസിക്കുന്നു.



**Er. K.K Gopalakrishnan Nair** (Rtd. Deputy Chief Engineer KSEB) elected as chairman of Institution of Engineers (India), Kerala state centre for the term 2018-2020. He was the chairman of the Kochi local centre (2002-2004) and is an alumini of TKM college of Engineering Kollam.

---

സംരംഭത്തിന്റെ ഉദ്ദേശമോ അനുസരിച്ച് നിശ്ചയിച്ച് ആവശ്യംപോലെ ധനാഗമം നടത്താവുന്നതും ആവശ്യക്കാർക്ക് ഇഷ്ടാനുസരണം ആനുകൂല്യം കൊടുക്കാവുന്നതുമാണ്.

താരിഫ് നയപ്രകാരം ക്രോസ് സബ്സിഡി കുറയുന്നതും ഇല്ലാതാക്കുന്നതും “Cherry Picking" എന്ന പ്രതിഭാസത്തിന്, (KSEBL പോലുള്ള പൊതുമേഖലാസ്ഥാപനങ്ങൾക്ക് ഏറ്റവും ഭീഷണിയെന്ന് കൊട്ടിഘോഷിക്കുന്ന അവസ്ഥക്ക്), സാഹചര്യം ഉണ്ടാക്കുന്നില്ല എന്നത് താരിഫ് നയത്തിന്റെ ഒരു നല്ല വശം ആയി കണക്കാക്കേണ്ടതല്ലേ?! സബ്സിഡിയെ സംബന്ധിച്ച് കൃത്യമായ കണക്കുകളില്ലാതെ, സബ്സിഡി കൈപ്പറ്റുന്ന ഉപഭോക്താക്കൾക്ക് കൊടുക്കുന്ന ആനുകൂല്യങ്ങളെക്കുറിച്ച് ശരിയായകണക്കുകൾ ശേഖരിക്കാതെ, സ്ഥാപിത താൽപര്യക്കാരുടെ ഇഷ്ടത്തിനായി വൈദ്യുതി മേഖലയെ കുട്ടിച്ചോറാക്കാൻ വിട്ടുകൊടുക്കണമോ ?

എന്നാൽ ഇതൊക്കെ മറച്ചുവച്ച്, ക്രോസ് സബ്സിഡി എന്ന പേരിൽ ഉപഭോക്താവിന് കൊടുക്കുന്ന ആനുകൂല്യങ്ങൾക്ക് കൃത്യമായ സാമൂഹിക വൈദ്യുതിയുടെ താരിഫ് ആവശ്യകതാ പരിശോധനകളോ കണക്കുകളോ ഇല്ലാതെ. ലാഭ നഷ്ട കണക്കുപ്രകാരം പ്രവർത്തിക്കേണ്ട ലൈസൻസിയുടെ തലയിൽ ഉത്തരവാദിത്വങ്ങൾ കെട്ടിവച്ച് സംസ്ഥാന സർക്കാരുകൾ നിരുത്തരവാദിത്വപരമായി പെരുമാറുന്ന ഏറ്റവും സുതാര്യമല്ലാത്തതും അഴിമതി നിറഞ്ഞതുമായ ഒരു വ്യവസ്ഥിതിയെ ലൈസൻസിയുടെ ജീവനക്കാർ തന്നെ പിന്തുണയ്ക്കുന്ന രാഷ്ട്രീയം എന്താണെന്നു ഇനിയും മനസ്സിലാകേണ്ടിയിരിക്കുന്നു.

# ഓർമ്മകളിൽ ഒരു സമ്പൂർണ്ണ എഞ്ചിനീയർ

*Er. ജി.എച്ച്. കൃഷ്ണ അയ്യർ*
*(Rtd. Deputy Chief Engineer)*



എഞ്ചിനീയർ എന്ന വാക്കിന് നിർവ്വചനങ്ങൾ പലതാണ്. സ്വപ്നം കാണുന്നവൻ, അത് യാഥാർത്ഥ്യമാക്കാൻ രൂപകല്പന ചെയ്യുന്നവൻ,പ്രവർത്തിപ്പിക്കുന്നവൻ, നിലനിർത്തുന്നവൻ, ഗണിത ശാസ്ത്രജ്ഞൻ, സാമ്പത്തിക വിദഗ്ദ്ധൻ, സാങ്കേതിക പ്രശ്നങ്ങൾ മുൻകൂട്ടിക്കാണുന്നവൻ പ്രശ്നങ്ങൾ പരിഹരിക്കുന്നവൻ, മാനുഷിക വിഭവ ശേഷി ഏകോപിക്കുന്നവൻ, മാനേജർ ഇങ്ങനെ നിരവധി തലങ്ങളിൽ ഒന്നിലധികം രംഗങ്ങളിൽ പ്രവർത്തിക്കുന്നവരെ നാം എഞ്ചിനീയർ എന്ന് പറയുന്നു. ഇതിൽ ഒട്ടുമിക്ക മേഖലകളിലും അസാമാന്യ വൈദഗ്ദ്ധ്യം പ്രകടിപ്പിക്കുന്ന സാങ്കേതിക മികവ് തെളിയിക്കുന്ന എഞ്ചിനീയർമാർ ലോകത്തെവിടെയും വിരളമാണ്. KSEB യിൽ അങ്ങിനെ ചൂണ്ടിക്കാണിക്കാവുന്ന ഒരു സമഗ്ര എഞ്ചിനീയറായിരുന്നു പി. കേശവപിള്ള സാർ. ബോർഡിൽ തന്ത്രപ്രധാനമായ വിവിധ തസ്തികകളിൽ പ്രവർത്തിക്കാനും, ആ രംഗങ്ങളിലൊക്കെ തനത് മുദ്രപതിപ്പിക്കുവാനും, ഗുണപരമായ മാറ്റങ്ങൾക്ക് വഴിതുറക്കാനും കഴിഞ്ഞ ഏക വ്യക്തിത്വവും അദ്ദേഹം മാത്രമായിരുന്നു.

ജൂനിയർ എഞ്ചിനീയറായി സർവ്വീസിൽ കയറി, സാധാരണ പ്രൊമോഷനിലൂടെ എക്സിക്യൂട്ടീവ് എഞ്ചിനീയർ തലത്തിൽ എത്തിയപ്പോൾ തന്നെ അവഗണിക്കാനാവാത്ത വൈഭവം അദ്ദേഹം പ്രകടപ്പിച്ചു കഴിഞ്ഞിരുന്നു. അടുത്ത പ്രൊമോഷനിൽ കേശവപിള്ള സാർ എത്തിയത് അന്നത്തെ ഏക ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ പോസ്റ്റിലാണ്; ഇന്നത്തെ HRD ഡെപ്യൂട്ടി. സാധാരണ നിലയിൽ ഏറ്റവും സീനിയറായ സൂപ്രണ്ടിംഗ് എഞ്ചിനീയറെയാണ് അവിടെ നിയമിക്കുക. പിന്നീടദ്ദേഹം ബോർഡിലെ പേഴ്സണൽ മാനേജരായി, ബോർഡ് സെക്രട്ടറിയായി, ആ സ്ഥാനത്ത് എത്തിയ ആദ്യ എഞ്ചിനീയർ. ജനറേഷൻ, ട്രാൻസ്മിഷൻ, ജനറൽ വിഭാഗം എല്ലാം കൈകാര്യം ചെയ്യേണ്ട ചീഫ് എഞ്ചിനീയർ തസ്തികകൾ; ബോർഡിലെ ടെക്നിക്കൽ മെമ്പർ, പിന്നെ ചെയർമാൻ.

ഇഴഞ്ഞു നീങ്ങിയിരുന്ന ഇടുക്കി ഒന്നാം ഘട്ടത്തിന് ജീവൻ വച്ചത് ടാസ്ക് മാസ്റ്ററായിരുന്ന കേശവപിള്ള സാർ അവിടെ പ്രോജക്റ്റ് ചീഫ് ആയപ്പോഴാണ്. അവിടെ പണിയെടുത്തിരുന്ന എഞ്ചിനീയർമാരും ജീവനക്കാരും ഊർജ്ജംകൊണ്ടതും ചിട്ടയൊപ്പിച്ചനിർമ്മാണപ്രവർത്തനങ്ങളിൽ വ്യാപൃതരായതും കേശവപിള്ള സാറിന്റെ ഏകോപന സംവിധാനത്തിന്റെ മികവിലാണ്. ആ കാലഘട്ടത്തിൽ ഇടുക്കിയിൽ പണിയെടുത്തവരെല്ലാംതന്നെ പിൽക്കാലത്ത് അനുകരണീയരായ എഞ്ചിനീയർമാരായി മാറി.

ഇടുക്കി രണ്ടാംഘട്ടത്തിന്റെ പൂർണ്ണ ചുമതലയും ചീഫ് എഞ്ചിനീയറായിരുന്ന കേശവപിള്ള സാറിനായിരുന്നു. പ്രഖ്യാപിച്ച ലക്ഷ്യ തീയതിയിൽ നിന്ന് ഏകദേശം ആറു മാസത്തെ കാലയളവിനുള്ളിൽ പൂർത്തീകരിച്ച ഏക ബൃഹത്പദ്ധതിയും ഇടുക്കി രണ്ടാം ഘട്ടമായിരുന്നു.

എന്റെ ബോർഡ് സർവീസ് തുടങ്ങുന്നത് കേശവപിള്ള സാർ എക്സിക്യൂട്ടീവ് എഞ്ചീനീയറായിരുന്ന പുനലൂർ ഡിവിഷനിലായിരുന്നു. ആദ്യ ദിവസം പത്തുമിനിറ്റ് താമസിച്ചതിന് ശകാരവർഷവുമായിട്ടായിരുന്നു അദ്ദേഹം എന്നെ എതിരേറ്റത്. CTC ഒപ്പിടുന്നതിന് മുമ്പു തന്നെ ഒരു കെട്ടുഫയൽ തന്ന് പണിയ്ക്കുള്ള നിർദ്ദേശങ്ങൾ. ഉച്ചയൂണ് കഴിക്കാതെ ഒന്നാം ദിവസത്തെ ജോലി. സഹപ്രവർത്തകരെ പരിചയപ്പെടാൻപോലും ആകാത്ത സ്ഥിതിയിൽ സഹതാപ നോട്ടങ്ങൾ ഏറ്റുവാങ്ങി ഞാൻ എന്തോ പണിയെടുത്തു വൈകുന്നേരം കൊട്ടാരക്കരയ്ക്കുള്ള മടക്കയാത്രയിൽ അദ്ദേഹം എന്നെയും ഒപ്പംകൂട്ടി. യഥാർത്ഥ പരിചയപ്പെടൽ അപ്പോഴായിരുന്നു. ഒരേ നാട്ടുകാരാണെങ്കിലും മുൻപരിചയം ഇല്ല. പക്ഷേ അദ്ദേഹം എന്റെ ബാക്ഗ്രൗണ്ട് പൂർണ്ണമായി മനസ്സിലാക്കിയിട്ടാണ് എന്നെ നേരിട്ടത് എന്നത് എന്നിൽ ആശ്ചര്യം ഉണർത്തി. ആദ്യദിനം തന്നെ പണിയെടുത്തില്ലെങ്കിൽ ഇത്രയൊക്കെ മതിയെന്ന തോന്നലുണ്ടാകുമെന്നത് അദ്ദേഹത്തിന്റെ തിയറിയായിരുന്നു. അതായിരുന്നു കേശവപിള്ള സാർ.

അദ്ദേഹത്തിന്റെ കൂടെ ടി.സി. ഡിവിഷനിൽ പണിയെടുത്തപ്പോഴാണ് ട്രാൻസ്മിഷൻ രംഗത്തെ പരിശീലന ഘട്ടമായിരുന്നു അതെന്ന് ബോദ്ധ്യപ്പെട്ടത്. അന്ന് സൂപ്രണ്ടിംഗ് എഞ്ചിനീയറായി പ്രൊമോഷൻ കിട്ടാൻ ഒരു 'എലിജിബിലിറ്റി ടെസ്റ്റ്' ബോർഡ് നിഷ്കർഷിച്ചിരുന്നു. എഞ്ചിനീയേഴ്സ് അസോസിയേഷൻ അതിനെ ശക്തമായി എതിർത്തു. സീനിയോറിറ്റി മറികടന്നുള്ള പ്രൊമോഷനുകൾ ബോർഡിനെ തകർക്കുമെന്ന് അസോസിഷൻ നിലപാടെടുത്തു. എങ്കിലും മിക്ക എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും ടെസ്റ്റിന് തയ്യാറെടുക്കുന്നുണ്ടായിരുന്നു. പ്രസരണരംഗത്തെ സാങ്കേതികതകൾ, അദ്ദേഹത്തിനുവേണ്ടിപഠിക്കാൻ ചുമതലപ്പെടുത്തിയത് എന്നെയാണ്. ഒരു പക്ഷേ മറ്റു പല എഞ്ചിനീയർമാരെയും ഇതുപോലെ ഏല്പിച്ചിട്ടുണ്ടാവാം. ദിവസവും ഒരു മണിക്കൂറെങ്കിലും സാങ്കേതിക കാര്യങ്ങൾ ഞങ്ങൾ സംസാരിച്ചിരുന്നു. ഞാൻ പുസ്തകങ്ങൾ വായിച്ചു പഠിച്ചു; അദ്ദേഹവും. പക്ഷേ ഏകദേശം മൂന്നുമാസത്തിനുശേഷം ബോർഡ് ആ നിബന്ധന ഒഴിവാക്കി.

കേശവപിള്ള സാറിന്റെ നിശ്ചയദാർഢ്യവും, തീരുമാനങ്ങൾ കൈക്കൊള്ളുന്നതിലെ സൂക്ഷ്മതയും വേഗതയും ഒക്കെ എന്നെ ഏറെ ആകർഷിച്ചിരുന്നു. ഇടുക്കി രണ്ടാം ഘട്ടം ട്രെയിനിംഗിനായി ക്യാനഡയിലേക്കു പോകുമ്പോൾ, ഇന്ദുശേഖരൻ നായരെയും എന്നെയും വിളിച്ചുനിർത്തി പറഞ്ഞ ഉപദേശം ഇന്നും ഞാനോർക്കുന്നു. "സായിപ്പ് നിങ്ങളുടെ മേലധികാരിയൊന്നുമല്ലെന്നത് എപ്പോഴും ഓർമ്മവേണം''. അവിടെ നിങ്ങൾ "ബോർഡ്" ആണ്. സുപ്പീരിയാരിറ്റി കോംപ്ലക്സിന്റെ ഒരു ചെറുഡോസേജ്. അന്ന് ഞങ്ങൾ ബോർഡിലെ എഞ്ചിനീയർമാരെല്ലാം എഞ്ചിനീയർമാർ തന്നെ ആയിരുന്നുവല്ലോ ! അതുകൊണ്ടുതന്നെ അത് ഒരു പുഷ് ആയി ഞങ്ങൾക്ക് അനുഭവപ്പെട്ടു.

അദ്ദേഹം ചെയർമാനായിരുന്ന കാലഘട്ടം പണിയെടുക്കുന്ന ഉദ്യോഗസ്ഥർക്കെല്ലാം തന്നെ ആത്മവിശ്വാസം ഉയർത്തുന്ന ഒന്നായിരുന്നു. പവർ സെക്രട്ടറിക്ക് ഫയലുകളിൽ സംശയങ്ങൾ തീർക്കാൻ കേശവപിള്ള സാർ നിയോഗിച്ചിരുന്നത് ബന്ധപ്പെട്ട വിഷയം കൈകാര്യം ചെയ്യുന്ന കീഴുദ്യോഗസ്ഥരെ തന്നെയായിരുന്നു. രാമദാസ്, വൈദ്യനാഥൻ തുടങ്ങിയവർ സ്ഥിരമായി ഈ ചുമതല നിർവ്വഹിച്ചിട്ടുണ്ട്. പിൽക്കാലത്ത് പവർ സെക്രട്ടറിയുടെ ശിപായി വിളിച്ചാൽ ഉന്നത ഉദ്യോഗസ്ഥർ ഫയലും പേറി ഓട്ടമാണ്. പവർ സെക്രട്ടറിക്ക് കാര്യങ്ങൾ വിശദീകരിക്കാൻ

ആദ്യം ഒരവസരം കിട്ടിയപ്പോൾ എനിക്ക് ശങ്കയായിരുന്നു. " ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മതിയോ ?" "താനല്ലേ ഈ റിപ്പോർട്ട് എഴുതി ഉണ്ടാക്കിയത് ? പോയി പ്പറഞ്ഞു കൊടുത്താൽ മതി" ചെന്നപ്പോൾ കഴമ്പുള്ള ഒരു സംശയവുമില്ല. ബാലിശമായ ചില കാര്യങ്ങൾ മാത്രം. തിരിച്ചുവന്നപ്പോൾ എന്റെ മുഖഭാവം കണ്ടിട്ട് അദ്ദേഹം പറഞ്ഞു. " താൻ തന്നെ അധികമാണെന്ന് ഇപ്പോ മനസ്സിലായില്ലേ? "

ഇടുക്കി രണ്ടാം ഘട്ടത്തിന് വിദേശ യന്ത്ര സാമഗ്രികൾ വാങ്ങുന്ന കാലത്ത് CBIP യുടെയും CEA യുടെയും പിന്നെ കേന്ദ്ര ഊർജ്ജ വകുപ്പിന്റെയും അംഗീകാരങ്ങൾ ആവശ്യമായിരുന്നു. എല്ലാ കടമ്പകളും കടന്ന് ഇറക്കുമതി ലൈസൻസ് കിട്ടിയാലേ ഓർഡർ പോലും ചെയ്യാനാവൂ. മിക്ക സമയത്തും ഇവ ത്വരിതപ്പെടുത്തിരുന്നതിന് ഡൽഹിയിൽ അയച്ചിരുന്നത് എന്നെയാണ്. കേശവപിള്ള സാറിന്റെ അംഗീകരിക്കപ്പെട്ട വ്യക്തിത്വത്തിന്റെ മേന്മ അപ്പോഴാണ് ബോദ്ധ്യപ്പെടാറുള്ളത്. എസ്.പി.ലുത്ര എന്ന CBIF ചീഫ് എഞ്ചിനീയർ, ഖന്ന എന്ന CEA ഉദ്യോഗസ്ഥൻ ഇവർക്കൊക്കെ കേശവപിള്ള സാറിനോട് ബഹുമാനം കലർന്ന പേടിയാണുണ്ടായിരുന്നത്. അതു കൊണ്ടു തന്നെ, അംഗീകാരങ്ങൾ അതിവേഗ ത്തിൽ കിട്ടിയിരുന്നു.

അവസാനകാലത്ത് പക്ഷേ അദ്ദേഹത്തിന് അടിതെറ്റി. അദ്ദേഹം ചെയർമാനാകേണ്ട ഘട്ടത്തിൽ സിവിൽ ചീഫ് എഞ്ചിനീയർ രാമഭദ്രൻ നായർ ചെയർമാനായി. റിട്ടയർമെന്റിനുശേഷം കേശവപിള്ള സാറിനെ ചെയർമാനാക്കിയപ്പോൾ അതൊരു പാരകൂടിയായിരുന്നുവെന്ന് അദ്ദേഹം തിരിച്ചറിഞ്ഞില്ല. പ്രഗത്ഭമായി പണിയെടുക്കുമ്പോഴും രാഷ്ട്രീയ നേതൃത്വത്തിന്റെ കുബുദ്ധികൾക്ക് തടയിടാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. രാമഭദ്രൻ നായരും, കേശവപിള്ള സാറും പിന്നെ ചെയർമാനായ ഗണേശപിള്ളയും ഒക്കെ കാര്യശേഷിയിലും തന്റേടത്തിലും മുൻപന്തിയിൽ നിന്നുള്ളവരായിരുന്നുവെങ്കിലും, എല്ലാവരും നേരിട്ടത് പഴിചാരപ്പെട്ട ശിഷ്ട ജീവിതമായിരുന്നു. തലപ്പത്തെത്താൻ നട്ടെല്ല് ഊരിവയ്ക്കണമെന്നും, ചാടിക്കളിക്കാൻ പാകത്തിൽ അഭ്യാസിയായിരിയ്ക്കണമെന്നും ഉദ്യോഗസ്ഥർ മനസ്സിലാക്കിത്തുടങ്ങിയത് ആ കാലഘട്ടത്തിലെ മിടുക്കന്മാരുടെ വീഴ്ച കണ്ടിട്ടാണല്ലോ !

കേശവപിള്ള സാർ മരിക്കുന്നതിന് ഒരാഴ്ച മുമ്പ് അദ്ദേഹത്തിന്റെ കൂടെ പണിയെടുത്തിരുന്ന ഞങ്ങൾ നാലുപേർ ആശുപത്രിക്കിടക്കയിൽ അദ്ദേഹത്തെ കണ്ടു. മൂക്കിലൂടെ ട്യൂബും, ഡ്രിപ്പുമായി അവശനായി കിടക്കുമ്പോഴും അദ്ദേഹം ഞങ്ങളെയെല്ലാം തിരിച്ചറിഞ്ഞു. പഴയകാര്യങ്ങൾ പറഞ്ഞപ്പോൾ അതെല്ലാം അദ്ദേഹം ഓർത്തെടുക്കുന്ന തായി ഞങ്ങൾക്കു മനസ്സിലായി.

സർവ്വീസിൽ കയറിയ ദിവസം കിട്ടിയ ശകാരത്തിന്റെ കാര്യം ഓർമ്മിപ്പിച്ചപ്പോൾ, ചുണ്ടനക്കി അദ്ദേഹം പറഞ്ഞു. "റിസൽട്ടുണ്ടാക്കാനല്ലേ? " ശരിക്കും കേട്ടില്ലെന്നു പറഞ്ഞപ്പോൾ, ഒരല്പം തിരുത്തലോടെ അദ്ദേഹം പറഞ്ഞു. " റിസൽട്ടുണ്ടാവണ്ടേ? "

അതായിരുന്നു കേശവപിള്ള സാർ. ബോർഡിൽ നിർബന്ധ ബുദ്ധിയോടെ റിസൽട്ടുണ്ടാക്കിയിരുന്ന എഞ്ചിനീയർ. ഇൻഡ്യയിലെ പ്രഗത്ഭന്മാരായിരുന്ന കുറെ എഞ്ചിനീയർമാരുടെ പേരുകൾ പറയാൻ ആവശ്യപ്പെട്ടാൽ, കെ.എസ്.ഈ.ബി.യിൽ അദ്ദേഹത്തോടൊപ്പം പണിയെടുത്തിട്ടുള്ളവരും അദ്ദേഹത്തെ അടുത്തറിയുന്നവരും പറയുന്ന പേരുകളിൽ ഒരെണ്ണം **"പി. കേശവപിള്ള സാർ"** എന്നായിരിക്കും; തീർച്ച.

✵

# Obituary



**Er. P. Kesavapillai** (former Chairman of KSEB)
He was a great Engineer and a hardcore member of our Association, who still lives in the hearts of many...

**Er. N.N Thampi**
(former Chief Engineer of KSEB)
He has served our Association as Unit Chairman,Treasurer(1966), Vice-President (1991), Benevolent fund chairman and Service commitee chairman for long periods. He was a great Engineer and a hardcore member of our Association.





**Er. Peethambran C.K**
(Rtd. Assistant Engineer of KSEB)
He worked in construction Sn. at Viyyur, Marakatthara & Kunnamkualam and was a loyal member of our Association.

***We offer our deepest and most sincere condolences to these Engineers. May the souls rest in peace***

**കവിത**

# മൂകവിലാപം

കുമാരി പ്രഭാപാൽരാജ്
*D/o. Er. Palraj DCE (Rtd.)*

പ്രിയവാജികേ മാർജ്ജാര കുടുംബത്തിൽ
പിറന്നു നീയെന്തിനെന്നെ ചുടുകണ്ണീരിലാഴ്ത്തി !! ?
കാഞ്ചനത്തിനും മേലായ് വളർത്തി ഞാൻ നിന്നെ.
നിന്നന്ത്യം കുറിക്കാനോയെന്നെ നീ പുൽകിയോ ?
നിന്റെ പെറ്റമ്മയും ശ്വാനനു ബലിയാടായ്
നിൻ കൂടപ്പിറപ്പുകളും മരണം വരിച്ചു
ശ്വാനനും മാർജ്ജാരനും ബദ്ധ ശത്രുക്കളോ ?
ആരുരച്ചു യീ മുടന്തൻ ന്യായം
പ്രിയവാജികേ നിന്നാത്മാവു ശാന്തിയടയട്ടെ.
പിറക്കും നീ മമ ഭവനത്തിൽ പുനർജ്ജന്മമായ്
ഈജിപ്റ്റിലെ ദൈവമേ നിന്നെ പ്രണമിക്കുന്നു ഞാൻ
വീണ്ടും പൂക്കും നീ മമ ഉദ്യാനത്തിൽ സുഗന്ധമൂറും മലരായ്
നമിക്കട്ടെ നിന്നെ ഞാനെന്നുമെന്നും !!

# Tips to Get Things Done



Er. Krishnakumar M
Assistant Engineer

Sometimes you are stuck and just cannot seem to get the things done that need to be done. The reasons and occasions may be different. Following are five tips offered in Forbes Magazine to get motivated and back on track.

**1. Calendar It.**

As soon as you identify a task you need to accomplish, calendar it. You can use a conventional calendar or mobile app or a special software. A Kanban board is a great tool for managing tasks. Kanban board was detailed in previous edition. important thing is this works only if you check it regularly and keep it up to date!.

**2. Set a Tighter Deadline.**

It's easy to fall into the trap of "I have a week to get this finished, and it will only take me a couple of days. Set a tighter calendar deadline for yourself but make sure you it is not unreasonable deadlines for yourself, or for your client.

**3. Set Goals.**

Set a daily goal to accomplish your task list. If you cannot complete the task for the day get to a stopping point. A good stopping point is such that next task is simple to do. This makes it much easier to start the next day.

**4. Get up and Walk Around!**

Sometimes you just need a break. Get up, walk around. Stretch. Drink some coffee or a glass of water. Taking a short break can be just the ticket to help you refocus and re-energize.

**5. Reward Yourself.**

Give yourself a reward occasionally for getting things done. "If I finish this project early, I'll go to cinema on Friday." This will make you more active and focused on the previous day!

✵

# AN ENGINEER'S DIARY

*Continued from April Edition...*

***Er. Jacob Samuel***
*Rtd Member, KSEB*

I had also worked in Pallom Relay as Assistant Executive Engineer and also as Executive Engineer. During my service in the Relay a funny thing had happened. An elephant died by touching the 11 kV Line from the Pamba 66 kV Sub Station but no relay of the line was acted. The Chief Engineer called for an explanation from me. I could give only one sentence in the explanation that the relay was meant for the safety of the line and the equipments in the Sub Station and not for the elephant. Because when the elephant touches the line only very small earth fault current will flow and this will not be fully reflected in the earth fault relay also since no earth line was drawn for 11 kV Lines. The earth fault relay will act only if the earth fault current passing through the relay is about 30% of the full load current. The relays installed in all sub stations are meant for the protection of the line and equipments and can never protect the human beings or any living beings touching on the line.

While I was working as TA in the Distribution Circle, many management classes were arranged for the Engineers in the Circle and the Executive Engineer, Electrical Division Pallom was the person conducting the classes. He was a very intelligent person and he was able to take these classes very efficiently that everybody listened to him spellbound. Though we were appointed in the Board in the same batch he had a supremacy complex with me also. May be this was because he was a very intelligent person. So somehow there was some ego problem in between us. Since I had been arranging the meeting, the last item of thanks giving was done by me. Then I used to say something contradictory to what he had said. One day the class was about Leadership. As usual he had taken the class very efficiently. But in thanks giving I said that Buddha, Jesus Christ, Mahatma Gandhi and such others were the greatest leaders of the world and they never attended any management class. They were born on such historic moments. Whether a Leader makes history or history makes a leader is an old old question and it is as unprofitable as to ask whether the egg or the hen comes first. A Leader is at once a product and builder of history. When we came out of the meeting he told me disappointingly that what a negative approach I made in that occasion and by this the entire class he had taken became a wasted exercise. I told him that you have high leadership quality and when you try to impose that personality in them they cannot raise to your level and they will become a failure when they go back to their work. Though you like the personality of Gandhi you become miserable and will be a failure if you try to behave like him". I told him that this was the message I gave to them.

When my promotion from the post of Executive Engineer was about to be ordered, one of my friends in Pallom told me that I would be posted in the Anti Power Theft Squad and that was the decision of the Association group against me. While I had been in the Relay office, I had to go to Alleppey Sub Station for relay testing and I new the Executive Engineer personally. So he told me that he would be posting me to the Transmission Circle, Pallom and must complete all pending line works namely the Mallappally 66 kV Line and the Kayamkulam 110 kV Line. And as requested by him both these lines were completed before I was transferred from Pallom on promotion. There was a shortage of old TW Posts for completing the Kayamkulam Line. So the Deputy CE prior to me got sanction from the Board for purchasing the same from the Forest Department. On enquiry it was understood that it would be difficult to procure posts from the forest due to the labour problems there. The posts already purchased for the treatment yard at Pallom could not be taken from forest for a long time due to the labour problem and there was departmental and vigilance cases for that. This was reported to the Board and it was ordered that half the quantity of posts would be purchased by the Chief Engineer [HRM]. On enquiry I understood that there were old TW Posts in many Distribution Section Offices, but they were not accounted in the Section Office. So I sent a few Engineers under my Circle to various Distribution offices and they were able to get sufficient number of posts for completing the Line work. The posts purchased by the Chief Engineer [HRM] was received in my office when the line work was completed and I was about to leave from the Circle office on promotion. At the time of my retirement the Vigilance IG filed a case against me for not having purchased the posts from the Forest Department which had led the CE to purchase the posts at high rates. I also had invited tenders for the purchase of TW posts at that time, but when the rates were high, I did not accept the tender. If the CE had purchased the posts at high rates, instead of making the CE responsible for it the case was charged against me.

While I was the Member in Vyduthi Bhavan, Trivandrum, there was an agenda item of this Vigilance IG in my first Board meeting. In the Agenda item the IG stated that he would be giving his powers such as enquiring cases, taking disciplinary action ect to his subordinate officer and the same would be taken back from him if required. I said in the meeting that the IG had powers for conducting enquiry only and he had no powers to take disciplinary actions. This was even against the Indian Constitution. Because the Legislative, the Executive and the Judiciary should never be given in one hand. Hence the agenda given by him was rejected and the IG came to know that I was the man behind it. This was the reason why the IG registered a false case against me. Since the Chairman knew all the history behind the procurement of TW posts, he dismissed the case and there was no problem for me.

A 66 kV Line was drawn from Moolamattom to Thodupuzha. The Line was passing through the Rubber Estate of a private party. When the profile survey of the Line was taken, the Rubber trees required to be cut and removed were marked and notice was also given to the party. At that time all the Rubber trees in his estate were required to be cut and removed for replanting. Hence the marked trees were kept as such and all other trees in the estate was cut and removed and new rubber plantations were made by the party. When the Line was constructed there was some deviation from the original plan and the line actually went through the replanted area. Hence the marked Rubber trees kept there by the party were not required to be cut and removed as per the notice given to him. So he gave a complaint to the Idukki Collector that KSEB was not giving him the compensation for the trees marked by them in spite of the fact that notice was given to him for cutting and removing the same. Immediately he called the Executive Engineer, Muvattupuzha who was in charge of the construction of the line and asked him to make the payment to the Party without any further delay. When he said that the payments were to be made by the Deputy CE Pallom, the Collector asked me to attend the next meeting. I was totally confused as what could be said. I went to the Moolamattom Transmission Section office from where the notice was issued. I read the notice in which it was only stated that the trees are liable to be cut and removed. See this is how a Government notice is prepared; all sides will be covered to safeguard the interest of the Government. Then I took the notice and went to the Collectorate. I showed the notice to the Collector and told him as per the notice we did not say that the trees would be cut and removed and it was only stated that the trees are liable to be cut and removed. "As District Magistrate you have powers to order KSEB to make the payment, but legally we don't have to make the payment. So if you issue such an order we have to go to the High Court". Immediately he dropped the case and we were able to escape from such a situation and also from another vigilance enquiry for making payments for the trees not cut and removed.

It was during this time that the construction of Palai – Erattupetta line and the 110 kV Sub Station at Erattupetta was started. One day MLA came there to see the site for the Sub Station and while walking through the plot, he fell down in a small well which was not clearly visible due to the bushes spread there. A Public function was conducted there with the Electricity Minister as the Chef Guest for starting the work. As the local MLA was the Chairman of the function. The Report was presented in the function by the Chief Engineer. I was the man who prepared the report. Though it was decided to purchase the site before a long time ago when another leader was the Electricity Minister, the site actually acquired after paying its price was quite recently at the time of UDF Government. If that old history was mentioned in the report the undue delay in acquiring the site and starting work would give a false impression before the public. So I did not

## NEW OFFICE BEARERS FOR BENEVOLENT FUND

| | |
|---|---|
| **Er. Sajeev K** | Chairman |
| **Er. Raji J.S** | Vice Chairman |
| **Er. Mjujeeb K** | Secretary |
| **Er. Pradeep S.V** | Treasurer |
| **Er. Arunkumar V.K** | Joint Secretary North |
| **Er. Varsh Mohan** | Joint Secretary South |

mention that in the report. At that time the MLA there, was in the LDF Group. So when this report was presented by the Chief Engineer, MLA got up very angry with the Chief Engineer for presenting such a false report and said that the site was taken during the time of the CPM Minister. The Chief Engineer got a little frightened and after that when he came and sat by my side on the dais, I consoled him and told him that I would give a fitting reply to MLA in my Thanks giving. In that function I said that what the MLA said was right in only one aspect. It was only decided to acquire the site at the time of the CPM Minister, but the site actually acquired after paying the money to the party was only at the time of that UDF period. So there was nothing wrong in the Report presented by the Chief Engineer. MLA gave me an angry look and with that it all ended.

***Note :*** *Opinions expressed in this article is exclusively attributed to the author and Association has no bearing on this.*

*(To be Continued...)*



## *Letters to the Editor*

**കത്തുകൾ അയക്കേണ്ട വിലാസം**

*Chief Editor, Hydel Bullet,*
*KSEB Engineers' Association, Panavila*
*Thiruvananthapuram - 01,Phone : 0471 - 2330696*
*Email : hydelbulletin@gmail.com*

**മലയാളത്തിലുള്ള ലേഖനങ്ങൾ എഴുതി തയ്യാറാക്കിയോ, *PDF* ഫോർമാറ്റിലോ അയച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു.**

# കെ.എസ്.ഇ.ബി. എഞ്ചിനീയേഴ്സ് അസോസിയേഷൻ 65-ാമത് വാർഷിക പൊതുസമ്മേളനം - പത്രക്കുറിപ്പ്

കെ.എസ്.ഇ.ബി. എൻജിനീയേഴ്സ് അസോസിയേഷൻ 65-ാമത് വാർഷിക പൊതുസമ്മേളനം 2018 മേയ് മാസം 13-ാം തീയതി എറണാകുളംഫൈൻ ആർട്സ് ഹാളിൽ വച്ച് നടത്തുകയുണ്ടായി. കെ.എസ്.ഇ. ബി. യിലെ പവർ എൻജിനീയർമാരുടെ പ്രൊഫഷണൽ സംഘടനയായ എൻജിനിയേഴ്സ് അസോസിയേഷൻ എല്ലാ വാർഷിക സമ്മേളനങ്ങളോടനു ബന്ധിച്ചും കാലിക പ്രാധാന്യമുള്ള വിഷയങ്ങളിൽ സെമിനാറുകൾ നടത്താറുണ്ട്. " Proposed Amendments in Electricity Act " എന്ന വിഷയത്തിലാണ് ഇത്തവണ സെമിനാർനടത്തിയത്. വൈദ്യുതി നിയമം 2003 നിലവിൽ വന്നിട്ട് 15 വർഷമാകുന്നുവെങ്കിലും അത് ഉദ്ദേശിച്ച ഫലപ്രാപ്തി യിൽ എത്തിയിട്ടില്ല. പല സംസ്ഥാനങ്ങളിലും വൈദ്യുതി ബോർഡുകൾ വിഭജിക്കപ്പെട്ടു. ഉൽപാദന മേഖലയിൽ ഉദ്ദേശിച്ച മാറ്റങ്ങൾ ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടില്ല. രാജ്യത്ത് ഏതാണ്ട് 20ശതമാനം ജനങ്ങൾക്കും ഇപ്പോഴും വൈദ്യുതി ലഭ്യമായിട്ടില്ല. വൈദ്യുതി മേഖലയിൽ നഷ്ടങ്ങളും കടങ്ങളും ക്രമാതീതമായി വർദ്ധിച്ചു കൊണ്ടിരിക്കുന്നു. റഗുലേറ്ററി കമ്മീഷനുകൾ ഇപ്പോഴും സ്വതന്ത്രമായി പ്രവർത്തിക്കുന്നില്ല. പ്രതിശീർഷ ഉപഭോഗം അന്താരാഷ്ട്ര നിലവാരത്തിന്റെ പകുതി മാത്രമാണ്. ഈ പശ്ചാത്തലത്തിലാണ് പുതിയ നിയമ ഭേദഗതി വരുന്നത്. പുതിയ ഭേദഗതി ഈ മേഖലയെ വീണ്ടും ദുർബലപ്പെടുത്തും എന്ന ആശങ്ക നിലനിൽക്കുന്നു. ഈ സമ്മേളനത്തിൽ ബഹു. കേന്ദ്രമന്ത്രി ശ്രീ.



ജസ്റ്റിസ് ശ്രീ. സി.എൻ. രാമചന്ദ്രൻ നായർ ഉദ്ഘാടന കർമ്മം നിർവ്വഹിക്കുന്നു.

അൽഫോൺസ് കണ്ണന്താനം പ്രത്യേക സന്ദേശം നൽകി. കെ.എസ്.ഇ.ബി. എൻജിനീയേഴ്സ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് ഡോ. ഇ. മുഹമ്മദ് ഷെരീഫ് അദ്ധ്യക്ഷത വഹിച്ച സമ്മേളനം ജസ്റ്റിസ് ശ്രീ. സി.എൻ. രാമചന്ദ്രൻ നായർ ഉദ്ഘാടനം ചെയ്തു. മുൻ വൈദ്യുതി വകുപ്പു മന്ത്രി ശ്രീ. എസ്. ശർമ്മ എം.എൽ.എ., ശ്രീ. പി.ടി. തോമസ് എം.എൽ.എ. എന്നിവർ പ്രഭാഷണം നടത്തി. തുടർന്നു നടന്ന സെമിനാറിൽ ശ്രീ. സി. എൻ. ബാലകൃഷ്ണനൻ (മുൻ KSERC ചെയർമാൻ) മോഡറേറ്റർ ആയിരുന്നു. ശ്രീ. ബിബിൻ ശങ്കർ, ഡെപ്യൂട്ടി ചീഫ് എൻജിനീയർ കെ.എസ്.ഇ.ബി, ശ്രീ. എ.കെ. സുനിൽ കുമാർ, സ്പെഷ്യൽ കറസ്പോണ്ടന്റ് ടൈംസ് ഓഫ് ഇൻഡ്യ, ശ്രീ. രംഗദാസ പ്രഭു, പ്രസിഡന്റ് ഇ.ഡി.ആർ.എ.എ.സി. തുടങ്ങിയവർ വിഷയം അവതരിപ്പിച്ചു. കെ.എസ്.ഇ.ബി എൻജിനീയേഴ്സ് അസോസിയേഷൻ സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ. ബി. ശ്രീകുമാർ സ്വാഗതവും ജനറൽ കൺവീനർ ( എ.ജി.ബി.) ശ്രീ. സുരേഷ് കുമാർ നന്ദിയും പ്രകാശിപ്പിച്ചു.










Inaguration by
Justice C.N. Ramachandran
Chairman, Kerala Dam Safety Aut
NEERS' ASSOCIATION
L SEMINAR



...Nair
...thority

Special Guest Sri. S. Sharma, MLA

# 65th Annual General Body Meeting


Stalls


Registration



Press Meet



# Best Assistant Engineer Award Winners

**Best Assistant Engineer Generation**



From the nominations received **Er. Ison Paul,** Neriamangalam Power House, of Chithirapuram Unit has been selected for the best Assistant Engineer Generation award for his meritorious contributions for the smooth working of Neriamangalam Power house. Such as installation of auto synchroniser, war footing restoration work of damaged intake gate rope, overhauling works and other maintenance works which has maximised the productivity.

**Best Assistant Engineer Transmission**



From the nominations received **Er. Ben Antony**, 220kV Substation Kalamassery of Ernakulam Unit has been selected for the best Assistant Engineer Transmission award for his commendable and remarkable achievements in Transmission sector, such as repairing Power Transformers with cost effective saving methods for KSEBL and other actions taken.

**Best Assistant Engineer Distribution**



From the nominations received **Er. Reji F.N**, Electrical Section Uchakkada of Thiruvananthapuram Unit has been selected for the best Assistant Engineer Distribution award for his commendable achievements in distribution field. Such as speedy restoration of supply in OKHI disaster, timely completion of DDUGJY project and others.



The committee Specially mentioned the names of the **Er.Varsha Mohan** of SLDC Kalamassery for her remarkable achievements in developing IT enabled technically innovative software tool for SLDC operations and **Er.Abhilash E.L.** of TNMS Kalamassery for his dedicated and active involvement in the O&M of Optical Fiber network in Kerala



**Hon. Minister of State (Independent Charge) for Tourism, Electronics and IT, Govt. of India Sri. Alphons Kannanthanam and Sri. P.T. Thomas, MLA presented the awards**

# ELECTRICITY ACT AMENDMENTS: IMPORTANT PROPOSALS & EVALUATION

*Er. C.P. George*
*Deputy Chief Engineer*

The Electricity Act, 2003 (the said Act) was enacted to consolidate the laws relating to generation, transmission, distribution, trading and use of electricity and generally for taking measures conducive to development of electricity industry, promoting competition therein, protecting interest of consumers and supply of electricity to all areas, rationalisation of electricity tariff, ensuring transparent policies regarding subsidies, promotion of efficient and environmentally benign policies, constitution of the Central Electricity Authority, Regulatory Commissions and establishment of Appellate Tribunal.

A Working Group on Power was constituted by the Planning Commission on the 4th March 2011 for the purpose of development of power sector. The said Group, after consultation with various stakeholders, recommended for amendments in the said Act. Based on its recommendations and experience gained during the years, it was felt that there is a need to review and amend some of the provisions keeping in view the overall objectives of the said Act to bring in further competition and efficiency in the distribution sector by giving choice to the consumers, promotion of renewable energy, maintenance of grid security, rationalisation of tariff determination and strengthening of the Regulatory Commissions

